**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **07-02-2023 - ൽ മറുപടിയ്ക്ക്**

**സാഹസിക ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ വി ജോയി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നദികളുടെ സൗന്ദര്യവും സൗകര്യവും ഉപയോഗപ്പെടുത്തി ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് നദികളുടെ സൗന്ദര്യവും സൗകര്യവും ഉപയോഗപ്പെടുത്തി ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് മലബാർ-മലനാട് - റിവർ ക്രൂയിസ് പദ്ധതി.<br><br>ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ 59.52 കോടി രൂപയുടേയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുന്ന റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി 8037.38 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട് . സംസ്ഥാന സർക്കാർ ഫണ്ടിൽ 17 ബോട്ട് ജെട്ടികളുടെ നിർമ്മാണവും 6 ബോട്ടുകളുടെ പർച്ചേസും ഉൾപ്പെടുന്നു. കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തിയിൽ 27 ബോട്ട് ജെട്ടികളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും ഉൾപ്പെടുന്നു. ഇതിനു പുറമേ സംസ്ഥാനത്തെ വിവിധ നദികളുടെ സാഹസിക ടൂറിസം സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് താഴെ പറയുന്ന വിവിധങ്ങളായ ജല സാഹസിക ടൂറിസം പദ്ധതികൾ വകുപ്പ് സംഘടിപ്പിച്ചു വരുന്നു.<br><br>കോഴിക്കോട് ചാലിപ്പുഴയിലുള്ള പുലിക്കയത്ത് എല്ലാവർഷവും മലബാർ റിവർ ഫെസ്റ്റിവൽ എന്ന പേരിൽ അന്തർദ്ദേശീയ വൈറ്റ് വാട്ടർ കയാക്കിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ചുവരുന്നുണ്ട് . അതുപോലെ തന്നെ പുലിക്കയത്ത് കയാക്കിംഗ് അക്കാദമിയുടെ നിർമ്മാണം പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ് . കണ്ണൂർ വളപട്ടണം പുഴയിൽ പറശ്ശിനിക്കടവ് മുതൽ അഴീക്കൽ പോർട്ട് വരെയുള്ള |

| | | | |
|---|---|---|---|
| | | | 12 കി . മി ദൈർഘ്യത്തിൽ കയാക്കിംഗ് മത്സരവും കഴിഞ്ഞ വർഷം സംഘടിപ്പിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ വളപ്പട്ടണം പുഴയിൽ കാട്ടാമ്പള്ളിയിൽ ഡി. ടി. പി .സി . യുടെ അധീനതയിൽ കയാക്കിംഗ് പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു. ചാലിയാർ റിവർ പാഡിൽ നിലമ്പൂർ മുതൽ കോഴിക്കോട് ചെറുവണ്ണൂർ വരെയുള്ള 68 കി . മി ദൂരത്തിൽ 3 ദിവസം നീണ്ടുനിൽക്കുന്ന കയാക്കിംഗ് എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നു. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ ഭാഗമായി ചാലിയാർ പുഴയിൽ വിവിധങ്ങളായ വാട്ടർ സ്പോർട്സ് ആക്ടിവിറ്റികൾ സംഘടിപ്പിച്ചു വരുന്നു. ബേപ്പൂരിൽ ആർ.ടി മിഷന്റെയും ഡി.ടി.പി.സി യുടെയും സഹകരണത്തോടെ സർഫിംഗ് രംഗത്ത് പരിശീലനം നൽകുന്നതിനായി സർഫിംഗ് അക്കാദമി ആരംഭിച്ചിട്ടുണ്ട് . വർക്കലയിൽ അഞ്ചുതെങ്ങിലും കൊല്ലം പരവൂർ മാൻഗ്രൂവ് വില്ലേജിലും കയാക്കിംഗ് പരിശീലനവും പ്രദർശനവും നടത്തിവരുന്നുണ്ട് . ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി 2022 ൽ ചാലിയാർപ്പുഴയിൽ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ മേഖലകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാവുന്നതാണ് . |
| (ബി) | റാഫ്റ്റിംഗിനും കയാക്കിംഗിനും നദികളെ കോർത്തിണക്കി സാഹസിക ടൂറിസം സർക്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റാഫ്റ്റിംഗിനും കയാക്കിംഗിനും നദികളെ കോർത്തിണക്കി സാഹസിക ടൂറിസം സർക്യൂട്ട് നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട് . |
| (സി) | ഉത്തര മലബാറിൽ പുരോഗമിക്കുന്ന റിവർ ക്രൂയിസ് പദ്ധതിയുമായി സാഹസിക ടൂറിസത്തെ ബന്ധിപ്പിക്കുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | റിവർ ക്രൂയിസ് പദ്ധതിയുമായി സാഹസിക ടൂറിസത്തെ ബന്ധിപ്പിക്കുന്നത് ഉത്തര മേഖലയിലെ ടൂറിസം വികസനത്തിന് വളരെ സാധ്യത ഉള്ളതാണ് . പ്രധാനമായും കാസറഗോഡ് തേജസ്വിനി പുഴയിൽ വൈറ്റ് വാട്ടർ കയാക്കിംഗിനും റാഫ്റ്റിങ്ങിനും അനുയോജ്യമായ ടാക്കാണ് . അതുപോലെ വളപട്ടണം പുഴ കയാക്കിംഗിനും മറ്റു വാട്ടർ സ്പോർട്സ് ആക്ടിവിറ്റികൾക്കും അനുയോജ്യമാണ് . കണ്ണൂരിലെ കവ്വായി മാംഗ്രൂവ്സ് കയാക്കേഴ്സിന്റെ പ്രധാനപ്പെട്ട ഒരിടമാണ് . കവ്വായി തീരം സെയിലിംഗിനും അനുയോജ്യമാണ് . |

സെക്ഷൻ ഓഫീസർ